**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2607** **05/11/2019 ൽ മറുപടിക്ക്**

**ശബരിമലയിലെ ഓൺലൈൻ ദർശന സംവിധാനം**

**ചോദ്യം** **മറുപടി**

**ശ്രീ.കെ.എസ്.ശബരീനാഥൻ** **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ അയ്യപ്പദർശനം നടത്തുന്നതിനായി പുതിയ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പോലീസ് ഡിപ്പാർട്ട്മെന്റ് മുഖേന നിലവിൽ നടപ്പാക്കിവരുന്ന ശബരിമല വെർച്വൽ ക്യൂ പോർട്ടലിലൂടെ ഈ വർഷം മുതൽ ദർശനത്തിനോടൊപ്പം അയ്യപ്പഭക്തർക്ക് ഘട്ടംഘട്ടമായി അപ്പം, അരവണ പ്രസാദം, ഇ-കാണിക്ക, അന്നദാനം, ഡൊണേഷൻ മറ്റ് പ്രസാദങ്ങളായ ആടിയശിഷ്ടം നെയ്യ്, മഞ്ഞൾ, കുങ്കുമം, വിഭൂതി എന്നിവയും ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം കൂടി ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. |
| (ബി) | ക്ഷേത്ര ദർശനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;ഇതിനായുള്ള പുതിയ സോഫ്റ്റ് വെയർ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് പ്രസ്തുത സോഫ്റ്റ് വെയർ തയ്യാറാക്കുന്നത് എന്നറിയിക്കാമോ? | (ബി) | തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ